⇨ *ജനാധിപത്യ ഭരണവ്യവസ്ഥ എന്നത് പേരിന് മാത്രമുള്ള ഒന്നായി മാറി* ⇨

**എൺപത്തിമൂന്ന്** ലക്ഷത്തോളം ആളുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽപ്പിനായുള്ള സമരങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണെന്നാണ് കണക്കുകൾ പറയുന്നത്. അതിൽ നാൽപ്പത് ശതമാനം ജനങ്ങൾ ഇന്ത്യക്കാരാണ്. അതിജീവനത്തിനായുള്ള പോരാട്ടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അവികസിത നാടുകളിലെ ജനങ്ങളുടെ കണക്കെടുത്താൽ അതിൽ ഒരു വലിയ ശതമാനം ഇന്ത്യക്കാരാണ് എന്നതാണ് വസ്തുത. കഴിഞ്ഞ രണ്ട് ദശകങ്ങൾക്കിടയിലാണ് ഇത്രയേറെ ജനങ്ങൾ സമരരംഗത്തേക്ക് എത്തിപ്പെട്ടത്. എന്താണ് അതിന്റെ കാരണം? ഇന്ന് പലർക്കും വ്യക്തമുള്ളതുപോലെ, തദ്ദേശീയ ഭരണകൂടമായ പഞ്ചായത്ത് പോലും ജനങ്ങൾക്കൊപ്പമില്ല എന്നതാണ് അതിന് പ്രധാനപ്പെട്ട കാരണം. സംസ്ഥാന-ദേശീയ ഭരണകൂടങ്ങൾ ജനങ്ങളുടെ താത്പര്യങ്ങൾ പ്രതിഫലിക്കാത്തവരായി മാറിയിട്ട് ഏറെക്കാലങ്ങളായി. അങ്ങനെ നിരാലംബരായിത്തീർന്ന ജനങ്ങളാണ് അവരുടെ അതിജീവനത്തിനായി സമരരംഗത്തേക്ക് എത്തിക്കൊണ്ടിരി

# ജനങ്ങളുടെ സമരങ്ങൾ സമഗ്രതയിലേക്ക് എത്തേണ്ടതുണ്ട്

മനുഷ്യജീവിതവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലേക്കുമുള്ള ചങ്ങാത്ത മുതലാളിത്തത്തിന്റെ വ്യാപനത്തെ തടയുന്നതിന് സമഗ്രമായ ഒരു കാഴ്ചപ്പാട് ആവശ്യമുണ്ട്. ജനങ്ങളുടെ മുൻകൈയിൽ നടക്കുന്ന അതിജീവന സമരങ്ങൾ ആ നിലയ്ക്കാണ് വികസിക്കേണ്ടത്.

**ഡോ. രാജൻ ഗുരുക്കൾ**

2015 ഏപ്രിൽ 10ന് കെ.എഫ്.ആർ.ഐയിൽ വച്ച് നടന്ന ശില്പശാലയിൽ സംസാരിച്ചത്.

ക്കുന്നത്. അനേകം അനുഭവങ്ങളിലൂടെ ഇക്കാര്യം നമ്മൾ മനസ്സിലാക്കുന്നുണ്ടെങ്കിലും കുറച്ചുകൂടി സമഗ്രതയിൽ ഈ പ്രശ്നത്തെ നോക്കിക്കാണാൻ നമുക്ക് കഴിയണം.

ലോകം ഒരു മൂലധന വ്യവസ്ഥയിലൂടെയാണ് കടന്നുപോകുന്നത് എന്നത് നമുക്കെല്ലാം അറിവുള്ളകാര്യമാണ്. ഓരോ അപചയ ഘട്ടത്തിലൂടെയും കടന്നുപോകുമ്പോൾ, അതായത് മൂലധന സമാഹരണത്തിന് തടസ്സം നേരിടുമ്പോൾ, മൂലധന വ്യവസ്ഥ വികസിപ്പിച്ചെടുക്കുന്ന ചില തന്ത്രങ്ങളുണ്ട്. ആദ്യകാലങ്ങളിൽ മൂലധനവ്യവസ്ഥ സ്വീകരിച്ചിരുന്ന ആ തന്ത്രങ്ങൾ ജനാധിപത്യ ഭരണകൂടങ്ങൾക്ക് വലിയ തലവേദന സൃഷ്ടിച്ചിരുന്നില്ല. അനീതികൾ പലപ്പോഴുമുണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം പ്രതിഷേധങ്ങളുമുണ്ടായിട്ടുണ്ട്. അത്തരം പ്രതിഷേധ സ്വരങ്ങളെ ഏകോപിപ്പിച്ച് നിയമനിർമ്മാണ പ്രക്രിയയിൽ ഉൾപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള ഒരു സംവിധാനം ജനാധിപത്യത്തിൽ അന്ന് നിലനിൽക്കുന്നുണ്ടായിരുന്നു. അതിനെ തടസ്സപ്പെടുത്തുന്ന വിധത്തിലാണ് മൂലധന വ്യവസ്ഥ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ക്രമേണ ജനാധിപത്യ ഭരണവ്യവസ്ഥ എന്നത് പേരിന് മാത്രമുള്ള ഒന്നായി മാറി. മൂലധന താത്പര്യങ്ങൾക്കനുസരിച്ച് മാത്രം പ്രവർത്തിക്കുന്നവയായി ജനാധിപത്യ ഭരണകൂടങ്ങൾ മാറി.

ചങ്ങാത്ത മുതലാളിത്തത്തിന്റെ ഇന്നത്തെ കാലത്ത് സ്റ്റേറ്റ് എന്നത് പൂർണ്ണമായും മൂലധനവ്യവസ്ഥയുടെ ഒരു ഉപകരണം മാത്രമായി മാറിയിരിക്കുകയാണ്. സ്റ്റേറ്റിന്റെ എറ്റവും പ്രധാനപ്പെട്ട ജോലി, ദരിദ്രരിൽ ദരിദ്രരായ ജനങ്ങൾപോലും കരുതിവയ്ക്കുന്ന സമ്പത്തിന്റെ വലിയൊരു ഭാഗം വസൂലാക്കുക എന്നതായി. ഇങ്ങനെ സമാഹരിക്കപ്പെടുന്ന സമ്പത്തിന്റെ വലിയൊരു പങ്ക് മുതലാളിത്തത്തിന് കൈമാറുക എന്നതാണ് ചങ്ങാത്ത മുതലാളിത്ത വ്യവസ്ഥയിൽ ഭരണകൂടങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആ പ്രക്രിയ തടസ്സമില്ലാതെ നടക്കുന്നതിനായി ഉപയോഗിക്കുന്ന ഒരു പ്രധാന വാക്കാണ് 'വികസനം'. ജനങ്ങളെ പ്രതീക്ഷയിൽ നിർത്തുന്നതിനായി ആ വാക്ക് തുടർച്ചയായി ഉപയോഗിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. എന്നാൽ ഇതേ വികസനത്താൽ കൂടുതൽ നിരാലംബരായിത്തുടങ്ങിയതോടെ ഇന്ന് ജനങ്ങൾ 'വികസന'ത്തിനെതിരെ പ്രതിഷേധിച്ച് തുടങ്ങിയിട്ടുണ്ട്. എന്നിട്ടും നമ്മുടെ എല്ലാ ജനപ്രതിനിധികളും വികസനം എന്ന വാക്കിന്റെ പരിധിയിൽ നിന്നുകൊണ്ടാണ് എല്ലാ പ്രവർത്തനങ്ങളും രൂപകല്പന ചെയ്യുന്നത്. എന്ത് പ്രവർത്തനത്തെയും സാധൂകരിക്കാനും ഏത് അന്യായത്തെയും ഭംഗിയുള്ളതാക്കാനും വികസനം എന്ന വാക്ക് അവർക്ക് സഹായമാകുന്നു. ഈ വികസന പ്രവർത്തനത്തിന്റെ പിന്നിലെ സങ്കീർണ്ണതകൾ മനസ്സിലാക്കാൻ അവർക്ക് താത്പര്യമില്ല, സമയവുമില്ല.

സ്റ്റേറ്റിന്റെ എറ്റവും പ്രധാനപ്പെട്ട ജോലി, ദരിദ്രരിൽ ദരിദ്രരായ ജനങ്ങൾപോലും കരുതിവയ്ക്കുന്ന സമ്പത്തിന്റെ വലിയൊരു ഭാഗം വസൂലാക്കുക എന്നതായി. ഇങ്ങനെ സമാഹരിക്കപ്പെടുന്ന സമ്പത്തിന്റെ വലിയൊരു പങ്ക് മുതലാളിത്തത്തിന് കൈമാറുക എന്നതാണ് ചങ്ങാത്ത മുതലാളിത്ത വ്യവസ്ഥയിൽ ഭരണകൂടങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആ പ്രക്രിയ തടസ്സമില്ലാതെ നടക്കുന്നതിനായി ഉപയോഗിക്കുന്ന ഒരു പ്രധാന വാക്കാണ് 'വികസനം'.

ഭരണകൂടത്തിന്റെ തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങളും ജനങ്ങളും തമ്മിലുള്ള വിടവ് കൂടിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ അനുമതിയില്ലാതെ പലതും ചെയ്യാൻ പാടില്ല എന്ന തത്വം ഭരണഘടനാപരമായി നിലനിൽക്കുന്നുണ്ടെങ്കിലും ചങ്ങാത്ത മുതലാളിത്ത വ്യവസ്ഥയ്ക്ക് അതെല്ലാം ഇഷ്ടാനുസരണം ലംഘിക്കാൻ കഴിയുന്നു. ചങ്ങാത്ത മുതലാളിത്ത വ്യവസ്ഥ പിടിമുറുക്കുന്നതിന്റെ ഒരു സമീപകാല ഉദാഹരണം നോക്കാം. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ രാജ്യത്തെ എല്ലാ ബ്രാഞ്ചുകളും റിലയൻസിന്റെ ഫൈബർ ഒപ്ടിക് നെറ്റ്‌വർക്കിന്റെ പരിധിയിലാക്കുക എന്നതാണ് സംഭവങ്ങളുടെ തുടക്കം. ജനപ്രതിനിധികൾ പോലും അറിയാതെ, തീർത്തും ബ്ര്യൂറോക്രാറ്റിക് നടപടികളിലൂടെ മാത്രമാണ് ഈ തീരുമാനമുണ്ടായത്. തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വഴി നടക്കുന്ന എല്ലാ ഇടപാടുകളുടെയും ചുമതല റിലയൻസിന് കൈമാറുകയുണ്ടായി. ഒരു ഇടപാട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലൂടെ നടക്കുമ്പോൾ 15 പൈസ സർവ്വീസ് ചാർജ്ജായി റിലയൻസിന് നൽകും. കേൾക്കുമ്പോൾ നമുക്ക് വളരെ കുറഞ്ഞ ഒരു തുകയായി തോന്നും. എന്നാൽ കോടിക്കണക്കിന് ഇടപാടുകളാണ് ഒരു ദിവസം സ്റ്റേറ്റ് ബാങ്ക് വഴി നടക്കുന്നത് എന്നതുകൂടി ആലോചിക്കണം. ഇതിന് തൊട്ടുപിന്നാലെ ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും ബാങ്ക് അക്കൗണ്ട് എന്നൊരു പരിപാടി കൂടി സർക്കാർ കൊണ്ടുവന്നു. എല്ലാ ഇടപാടുകളും ജനങ്ങൾ ബാങ്കിലൂടെ നടത്താൻ പോകുന്നു എന്നത് വലിയ വികസന പരിപാടിയായി തെറ്റിദ്ധരിച്ചവരുണ്ട്. ശരിക്കും ബാങ്ക് ഇടപാടുകൾ കൂടുന്നുതുകൊണ്ട് ലാഭമുണ്ടാകുന്നത് റിലയൻസിനാണ്. അതുതന്നെയാണ് ഈ നടപടിയുടെ പിന്നിലെ തന്ത്രവും. കാര്യങ്ങളെല്ലാം തീരുമാനമായെങ്കിലും ബാങ്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നുണ്ടായ എതിർപ്പിനെ തുടർന്ന് അത് ഇതുവരെ നടപ്പിലായിട്ടില്ല.

പാചകവാതകത്തിന്റെ വില കൂട്ടിയ സമയത്ത് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന മൻമോഹൻ സിംഗ് പറഞ്ഞ ഒരു വാചകം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. 'സബ്സിഡി നൽകുന്നതിന് വേണ്ടി കോടിക്കണക്കിന് രൂപയാണ് നികുതിപ്പണത്തിൽ നിന്നും ചിലവഴിക്കേണ്ടിവരുന്നത് എന്നതിനാൽ നിങ്ങൾ വിലക്കയറ്റവുമായി സഹകരിക്കണം' എന്നാണ് പാചകവാതകത്തിന്റെ പ്രധാന ഉപഭോക്താക്കളായ സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞത്. രാജ്യത്തിന് നഷ്ടമുണ്ടാകുന്ന കാര്യമാണെങ്കിൽ വിലക്കയറ്റം ഞങ്ങൾ സഹിക്കാം എന്ന് ജനങ്ങൾ തീരുമാനിക്കുകയും ചെയ്തു. അതേകാലത്ത് തന്നെയാണ് രണ്ട് ലക്ഷം കോടി രൂപയുടെ നികുതി ഇളവുകൾ സ്പെഷ്യൽ ഇക്കണോമിക്സ് സോണുകൾക്ക് (എസ്.ഇ.ഇ

⇨ *ചെറിയ ഇടങ്ങൾ മാത്രം വൃത്തിയാക്കിയാൽ തീരാത്തിടത്തോളം അത് വ്യാപിച്ചിരിക്കുന്നു* ⇨

സഡ്) സർക്കാർ നൽകിയത്. ജനങ്ങൾ കൊടുക്കുന്ന നികുതി പണം തന്നെയാണ് ഇവിടെയും നഷ്ടമാകുന്നതെന്ന് നമ്മൾ ചിന്തിച്ചില്ല. ഇന്ത്യയിലെ ഒരു നിയമവും ബാധകമല്ലാത്തതരത്തിൽ പ്രവർത്തിക്കുന്നവരാണ് എസ്.ഇ.ഇസഡുകൾ. ഗുജറാത്തിലെ റാൻ ഓഫ് കച്ചിൽ അടുത്തിടെ വന്ന രണ്ട് എസ്.ഇ. ഇസഡുകൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആയിരക്കണക്കിന് ജനങ്ങളുടെ ഉപജീവനമാർഗ്ഗമാണ് നഷ്ടപ്പെടുത്തിയത്. ജനങ്ങൾ അവിടെയും അതിജീവന സമരത്തിലാണ്. ഗുജറാത്ത് മോഡൽ വികസനത്തിന്റെ ഈ മറുവശം നമ്മൾ വേണ്ടത്ര ചർച്ച ചെയ്യുന്നില്ല. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾ കോർപ്പറേറ്റുകൾക്ക് അത്ര അനുകൂലമൊന്നുമല്ല. ഒരുപാട് നിയന്ത്രണങ്ങൾ നിയമങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. ചങ്ങാത്ത മുതലാളിത്ത വ്യവസ്ഥ അഴിമതിയിലൂടെ അതിനെയെല്ലാം മറികടക്കുന്നു. അത്തരത്തിലുള്ള അഴിമതി സാർവ്വത്രികമായി മാറി. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ പൂർണ്ണമായും ജനാധിപത്യവത്കരിക്കപ്പെട്ട ഒരേയൊരു പ്രസ്ഥാനം അഴിമതിയാണ്. ചെറിയ ഇടങ്ങൾ മാത്രം വൃത്തിയാക്കിയാൽ തീരാത്തിടത്തോളം അത് വ്യാപിച്ചിരിക്കുന്നു.

ഇന്ന് ഇന്ത്യയിൽ നടക്കുന്ന അതിജീവന സമരങ്ങളിലെല്ലാം സ്ത്രീകളെയും കുട്ടികളെയുമാണ് നിങ്ങൾക്ക് മുഖ്യമായും കാണാൻ കഴിയുന്നത്. അവരുടെ സമരങ്ങൾ പല സ്ഥലങ്ങളിലും വിജയിക്കുന്നുണ്ട്. എന്നാൽ ഒരു സ്ഥലത്ത് നിർത്തലാക്കുന്ന പദ്ധതി മറ്റൊരു സംസ്ഥാനത്തേക്ക് ചേക്കേറുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. ശാശ്വതമായ പരിഹാരങ്ങൾ ഉണ്ടാകുന്നതേയില്ല. നിറയെ പായൽ മൂടി ഒരു കുളത്തിലേക്ക് കല്ലെടുത്ത് എറിയുന്നതുപോലെയുള്ള പ്രതിഷേധങ്ങളിലാണ് നമ്മൾ ഏർപ്പെട്ടിരിക്കുന്നത്. കല്ല് വീഴുമ്പോൾ പായൽ അകന്നുമാറും, പക്ഷെ കുറച്ച് സമയത്തിനുള്ളിൽ അത് വീണ്ടും വന്ന് കുളത്തിനെ മൂടും. അത്ര വിശാലമായി പായൽ നിറഞ്ഞുനിൽക്കുന്ന ഒരു കുളത്തിലേക്കാണ് കല്ലെടുത്തെറിഞ്ഞതെന്ന് അപ്പോൾ മാത്രമാണ് നമ്മൾ തിരിച്ചറിയുന്നത്. എന്നാലും ആ പ്രവൃത്തി തുടരുന്നതിലാണ് ഇപ്പോഴും നമുക്ക് പ്രതീക്ഷ കണ്ടെത്താൻ കഴിയുന്നത്. അതിജീവനത്തിന്റെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വിവിധ കോണുകളിൽ ജനങ്ങൾ സമരരംഗത്തുണ്ട് എന്നതാണ് ഇന്ത്യയിൽ അവശേഷിക്കുന്ന പ്രതീക്ഷ. അതേസമയം സംഘം ചേർന്നുള്ള അത്തരം സ്വാഭാവിക പ്രതികരണങ്ങളെപ്പോലും വിഴുങ്ങാൻ മൂലധന വ്യവസ്ഥയ്ക്ക് കഴിയുന്നുണ്ട്. സംഘം ചേർന്നുള്ള പ്രവർത്തനങ്ങൾ പതിയെ സംഘത്തെ ഒരു സംഘടനയായി രൂപാന്തരപ്പെടുത്തുന്നു. സംഘടന കടന്നുവരുന്നതോടെ ഒരു ബ്ര്യൂറോക്രാറ്റിക് ഘടനയിലേക്ക് അത് പ്രവേശിക്കുന്നു. സെക്രട്ടറി മുതൽ താഴേക്കുള്ള ഒരു അധികാരശ്രേണി അതിൽ രൂപ്പെടുന്നു. ഒടുവിൽ ആ അധികാര ശ്രേണിയുടെ നിലനിൽപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കുരുങ്ങി സംഘടന പ്രവർത്തിക്കാതെയാകുന്നു. ദ്രവ്യരൂപത്തിൽ പണവും സ്ഥാപനരൂപത്തിൽ ബ്ര്യൂറോക്രസിയും ഉപയോഗിച്ചാണ് കോർപ്പറേറ്റുകൾ ഇത്തരത്തിൽ അവരുടെ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ഉയർന്ന പണം കൊടുത്ത് അവർ തലച്ചോറുകളെ വിലയ്ക്കുവാങ്ങുന്നു. ഒപ്പം സാമൂഹികമാറ്റത്തിനായി നില കൊണ്ട സംഘടനകളെ സ്ഥാപനവത്കരിക്കുകയും ബ്ര്യൂറോക്രാറ്റിക് ഘടനയിലേക്ക് അവയെ കൊണ്ടുവരുകയും ചെയ്യുന്നു. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി അത്തരത്തിൽ ബ്ര്യൂറോക്രാറ്റൈസ് ചെയ്യപ്പട്ട ഒരു സംഘടനയാണ്. ജന്മിത്ത വ്യവസ്ഥയ്ക്കെതിരായ സമരങ്ങളിലൂടെ രൂപംകൊണ്ട പാർട്ടിതന്നെ ഒടുവിൽ ജന്മിത്തത്തിന് സമാനമായ ബ്രൂറോക്രാറ്റിക് അധികാര ഘടനയിലേക്ക് വഴിമാറി. അതോടെ പാർട്ടി അംഗം, ബ്രാഞ്ച് സെക്രട്ടറി, ലോക്കൽ സെക്രട്ടറി മുതൽ പാർട്ടി സെക്രട്ടറി വരെ നീളുന്ന, ജന്മിത്ത വ്യവസ്ഥയിലുണ്ടായിരുന്ന അധികാരശ്രേണിക്ക് സമാനമായ ഒരു ബ്ര്യൂറോക്രാറ്റിക് ഘടനയായി കമ്മ്യൂണിസ്റ്റ് പാർട്ടിയും മാറി. ഈ ശ്രേണിയുടെ ഉന്നത സ്ഥാനങ്ങളിലുള്ളവർക്ക് എത്രമാത്രം മാർക്സിസം അപരിചിതമാണോ അത്രയും രൂക്ഷമായ തരത്തിൽ അധികാരം അതിൽ കേന്ദ്രീകരിക്കപ്പെടുന്നു. എല്ലാ സംഘടനകളും എത്തിച്ചേർന്നിരിക്കുന്ന ഘടനാപരമായ പ്രശ്നമാണിത്. ബ്ര്യൂറോക്രാറ്റിക് ഘടന ജനങ്ങളിൽ നിന്നും സംഘടനകളെ അകറ്റുന്നു. ആദ്യ സെക്രട്ടറി വീണ്ടും സെക്രട്ടറിയായി തന്നെ തുടരണം എന്ന് ആഗ്രഹിക്കുന്നതോടെ ലക്ഷ്യങ്ങളിൽ നിന്നും സംഘടനകൾ ഏറെ മാറിപ്പോവുകയും ചെയ്യുന്നു.

ജനങ്ങളുടെ ഉണർവുകൾക്ക് മൂലധന വ്യവസ്ഥ സൃഷ്ടിച്ചിരിക്കുന്ന പ്രശ്നങ്ങളെ മറികടക്കാൻ കഴിയണമെങ്കിൽ ആദ്യം പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്ന ആഗോള സാഹചര്യങ്ങളെയും അതിന്റെ ഉൾപ്പിരിവുകളെയും മനസ്സിലാക്കുകയാണ് വേണ്ടത്. മൂലധന വ്യവസ്ഥ അതിന്റെ തകർച്ചകൾ പരിഹരിക്കാൻ

ശ്രമിക്കുന്നത് അത് സമാഹരിച്ചിരിക്കുന്ന സാങ്കേതിക-സാമ്പത്തികശേഷിയുടെ സഹായത്താലാണ്. മുതലാളിത്തത്തിന്റെ സാങ്കേതിക-സാമ്പത്തികശേഷി നമുക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതിനും അപ്പുറമാണ്. ശാസ്ത്രത്തെ അത്തരം സാങ്കേതികവിദ്യകളുടെ നിർമ്മാണത്തിനായാണ് ഇന്ന് ഉപയോഗിക്കുന്നത്. ശാസ്ത്രത്തിന് വേണ്ടി ശാസ്ത്രം എന്ന കാലം കഴിഞ്ഞു. സാങ്കേതികവിദ്യയുടെ വികാസത്തിന് വേണ്ടിയും അതുവഴി മുതലാളിത്തത്തിന്റെ വളർച്ചയ്ക്ക് വേണ്ടിയുമാണ് ഇന്ന് ശാസ്ത്രം പ്രവർത്തിക്കുന്നത്. വിപണിക്ക് വേണ്ട എന്തെങ്കിലും ഒരു ഉപകരണമോ മരുന്നോ നിർമ്മിക്കാൻ കഴിയുമോ എന്ന തരത്തിലാണ് ശാസ്ത്രം പ്രവർത്തിക്കുന്നത്. അത്തരം ശാസ്ത്ര പ്രബന്ധങ്ങൾക്കെല്ലാം ശാസ്ത്ര ജേർണലുകൾ വലിയ തുകയാണ് പ്രതിഫലമായി നൽകുന്നത്. കോർപ്പറേറ്റുകളാണ് ജേർണലുകളെ നിയന്ത്രിക്കുന്നത്. ഗവേഷകരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയല്ല, ആ കഴിവുകളെ അവരിൽ നിന്നും പിടിച്ചെടുക്കുകയാണ് കോർപ്പറേറ്റുകൾക്ക് ഒത്താശ ചെയ്യുന്ന ഇത്തരം ശാസ്ത്ര ജേർണലുകൾ ചെയ്യുന്നത്.

**രാജാവിനെയാണ് അടിക്കാൻ പോകുന്നത് എന്ന് തിരിച്ചറിയുകയാണ് പ്രധാനം. അടിക്കുന്ന അടി കൊള്ളേണ്ടതുപോലെ കൊണ്ടില്ലെങ്കിൽ പിന്നെ അടിക്കാൻ ആരുടെയും കൈപൊങ്ങില്ല എന്നതാണ് സാഹചര്യം. അതുകൊണ്ട്, അടിയുടെ രീതിയെന്താണെന്ന് തീരുമാനിക്കേണ്ടത് ഇന്ന് വളരെ പ്രധാനമാണ്. സമഗ്രതയോടെ പ്രശ്നങ്ങളെ നോക്കിക്കാണാൻ കഴിയണം എന്ന് ഞാൻ തുടക്കത്തിൽ പറഞ്ഞതും അതുതന്നെയാണ്.**

ജേർണലുകൾ തരുന്ന വലിയ പണം വാങ്ങി, കഷ്ടപ്പെട്ട് പഠനം നടത്തി പ്രസിദ്ധീകരിക്കുന്ന പല ശാസ്ത്രജ്ഞരും ഇക്കാര്യങ്ങളെക്കുറിച്ച് അജ്ഞരാണ്. എന്തെങ്കിലും ഒരു കാലത്ത്, നിങ്ങൾ എഴുതിയ ലേഖനങ്ങൾ സമാഹരിച്ച് സ്വന്തമായി ഒരു പുസ്തകം തയ്യാറാക്കുന്നതിനായി പഴയ ലേഖനങ്ങൾ ആവശ്യപ്പെട്ട് ജേർണലുകൾക്ക് എഴുതുമ്പോഴാണ് അക്കാര്യം പലർക്കും ബോധ്യമാകുന്നത്. നിങ്ങൾ എഴുതിയ ലേഖനങ്ങൾ നിങ്ങൾക്ക് നൽകുന്നതിന് പോലും അത്ര വലിയ തുകയാണ് ജേർണലുകൾ ആവശ്യപ്പെടുന്നത്. അതാണ് ആ ലേഖനങ്ങളുടെ മാർക്കറ്റ് വാല്യൂ.

അറിവിന്റെയും സാങ്കേതികവിദ്യയുടെയും രംഗത്തെ മുതലാളിത്തത്തിന്റെ കടന്നുകയറ്റം ഇന്ന് ലോകം അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. അറിവ് ഒരു ചരക്ക് കൂടിയാണിന്ന്. ബൗദ്ധിക സ്വത്തവകാശ നിയമവും പേറ്റന്റുമെല്ലാം അതിന്റെ ഭാഗമായാണ് വരുന്നത്. നാഷണൽ നോളഡ്ജ് കമ്മീഷൻ പോലെയുള്ള സ്ഥാപനങ്ങളെല്ലാം അറിവിനെ മൂലധന വ്യവസ്ഥയുടെ ഭാഗമാക്കുന്നതിനായി രൂപീകരിക്കപ്പെട്ട സ്ഥാപനങ്ങളാണ്. കോർപ്പറേറ്റുകൾക്ക് വേണ്ടി പണിയെടുക്കുന്ന സാം പെട്രോഡയെ പോലുള്ളവരാണ് അവിടെ ഏകാധിപതികളെപ്പോലെ കാര്യങ്ങൾ തീരുമാനിക്കുന്നത്. നോം ചോംസ്കിയുടെ 'ഡെത്ത് ഓഫ് അമേരിക്കൻ യൂണിവേഴ്സിറ്റീസ്' എന്നൊരു പുസ്തകമുണ്ട്. അതിൽ അമേരിക്കയിലെ സർവ്വകലാശാലകൾ എങ്ങനെയാണ് അറിവിനെ കോർപ്പറേറ്റുകൾക്ക് വേണ്ടി ഉപയോഗിക്കുന്നത് എന്ന് അദ്ദേഹം വ്യക്തമായി കാണിച്ചുതരുന്നുണ്ട്. സമാനമായ സ്ഥിതിവിശേഷമാണ് ഇന്ത്യയിലും ഇപ്പോൾ നിലനിൽക്കുന്നത്.

എല്ലാ രംഗത്തേക്കുമുള്ള ചങ്ങാത്ത മുതലാളിത്തത്തിന്റെ ഈ വ്യാപനത്തെ എങ്ങനെയാണ് നമുക്ക് ചെറുക്കാൻ സാധിക്കുന്നത്? രാജാവിനെയാണ് അടിക്കാൻ പോകുന്നത് എന്ന് തിരിച്ചറിയുകയാണ് പ്രധാനം. അടിക്കുന്ന അടി കൊള്ളേണ്ടതുപോലെ കൊണ്ടില്ലെങ്കിൽ പിന്നെ അടിക്കാൻ ആരുടെയും കൈപൊങ്ങില്ല എന്നതാണ് സാഹചര്യം. അതുകൊണ്ട്, അടിയുടെ രീതിയെന്താണെന്ന് തീരുമാനിക്കേണ്ടത് ഇന്ന് വളരെ പ്രധാനമാണ്. സമഗ്രതയോടെ പ്രശ്നങ്ങളെ നോക്കിക്കാണാൻ കഴിയണം എന്ന് ഞാൻ തുടക്കത്തിൽ പറഞ്ഞതും അതുതന്നെയാണ്. പോംവഴികൾ എങ്ങനെയാണ് വേണ്ടതെന്ന് അറിയാൻ തീർച്ചയായും ഒരു സൈദ്ധാന്തിക സമീപനം ആവശ്യമാണ്. ജനങ്ങളുടെ മുൻകൈയിൽ നടക്കുന്ന അതിജീവന സമരങ്ങൾ ആ നിലയ്ക്ക് വികസിക്കേണ്ടതുണ്ട്. അടിസ്ഥാനതലത്തിൽ നടക്കുന്ന ജനകീയ സമരങ്ങളെ മാത്രമാണ് കോർപ്പറേറ്റുകൾ ഇന്ന് ഭയക്കുന്നത്. കാരണം, ആ സമരങ്ങളെ മാത്രമാണ് കോർപ്പറേറ്റുകൾക്ക് ഇപ്പോഴും സ്ഥാപനവത്കരിക്കാൻ കഴിയാത്തത്. ■